"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - തൃശൂർ സർക്കാർ എഞ്ചിനിയറിംഗ് കോളേജ് ഹോസ്റ്റലിലെ അഡ്മിനിസ്‌ട്രേറ്റീവ് അസിസ്റ്റൻറ് തസ്തികയുടെ പൂർണ്ണ അധിക ചുമതല തൃശൂർ സർക്കാർ എഞ്ചിനിയറിംഗ് കോളേജ് ഓഫീസിലെ അഡ്മിനിസ്‌ട്രേറ്റീവ് അസിസ്റ്റൻറ് ശ്രീമതി അപർണ കെ. -യ്ക്ക് നൽകിയ നടപടിക്രമം സാധുകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.517/2026/HEDN തീയതി,തിരുവനന്തപുരം, 30-04-2026

---

പരാമർശം:-
1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 16-03-2026 തീയതിയിലെ ED1/2276/2026/DTE നമ്പർ നടപടിക്രമം.
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 16-03-2026 തീയതിയിലെ ED1/2276/2026/DTE നമ്പർ കത്ത്.

**ഉത്തരവ്**

തൃശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിലെ അഡ്മിനിസ്‌ട്രേറ്റീവ് അസിസ്റ്റൻ റ് ശ്രീ പ്രദീപ് എം. 31.03.2026 അപരാഹ്നത്തിൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ, ടി തസ്തികയുടെ പൂർണ്ണ അധിക ചുമതല തൃശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആഫീസിലെ അഡ്മിനിസ്‌ട്രേറ്റീവ് അസിസ്റ്റൻറ് ശ്രീമതി അപർണ കെ -ക്കു (പെൻ 401838) 31.03.2025 അപരാഹ്നം പ്രാബല്യം മുതൽ സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകിയ പരാമർശം (1) -ലെ നടപടിക്രമം സാധൂകരിക്കുവാൻ പരാമർശം (2) ലെ കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഓഫീസിലെ അഡ്മിനിസ്‌ട്രേറ്റീവ് അസിസ്റ്റൻറ് അപർണ കെ - യ്ക്ക് (പെൻ 401838) തന്റെ റെഗുലർ തസ്തികയുടെ ചുമതലകൾക്ക് പുറമെ 31.03.2025 പ്രാബല്യം മുതൽ തൃശൂർ സർക്കാർ എഞ്ചിനിയറിംഗ് കോളേജ് ഹോസ്റ്റലിലെ അഡ്മിനിസ്‌ട്രേറ്റീവ് അസിസ്റ്റൻറ് തസ്തികയുടെ പൂർണ അധിക ചുമതല കൂടി നൽകിയ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (1) ലെ നടപടിക്രമം കേരള സർവ്വീസ് റൂൾസ് ഭാഗം 1 ചട്ടം 53 (ബി) പ്രകാരം സാധുകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി അജയൻ
അഡീഷണൽ സെക്രട്ടറി

പകർപ്പ് :
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, സർക്കാർ എഞ്ചിനിയറിംഗ് കോളേജ്, തൃശൂർ

ശ്രീമതി അപർണ കെ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്, സർക്കാർ എഞ്ചിനിയറിംഗ് കോളേജ്, തൃശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ&ഇ) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.

**www.highereducation.kerala.gov.in.**

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (HEDN-G2/156/2026-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Deepa N S
Date: 30-04-2026 14:28:54

സെക്ഷൻ ഓഫീസർ